# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കേപ്പിന്റെ പ്രവര്‍ത്തനങ്ങളുടെ വിപുലീകരണം**

3699 ശ്രീ. പി.കെ. ഗുരുദാസന്‍
,, കെ. രാധാകൃഷ്ണന്‍
,, ആര്‍. രാജേഷ്
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോര്‍ പ്രൊഫഷണല്‍ എഡ്യൂക്കേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(ബി) കേപ്പിന്റെ കീഴില്‍ ഇപ്പോള്‍ ഏതെല്ലാം സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ട് ;

(സി) സ്ഥാപനത്തിന്റെ പ്രവര്‍ത്തനങ്ങള്‍ വിപുലീകരിക്കുന്നതിനായി ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സിക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കേപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രൊഫഷണൽ കോളേജുകൾ**

3700 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നിലവിൽ പ്രൊഫഷണൽ കോളേജുകൾ ഉള്ളത്; വിശദമായ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ;

(ബി) കേപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി എത്ര എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്; അവ എവിടെയെല്ലാമാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിനായി ഈ വർഷത്തെ പ്ലാനിൽ എത്ര തുക ഉൾപ്പെടുത്തിയിരിക്കുന്നു; വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത തുക പര്യാപ്തമാണോ; അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുമോ; എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>സഹകരണ യൂണിവേഴ്സിറ്റി</u>

3701 **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ എത്ര വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും, ഓരോ സ്ഥാപനത്തിലും ഏതെല്ലാം കോഴ്സുകൾ നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മേൽ സ്ഥാപനങ്ങളുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പിരിച്ചുവിട്ട സഹകരണ ഭരണ സമിതികൾ**

3702 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ടുവെന്നും, ആയത് ഏതൊക്കെ സ്ഥാപനങ്ങളാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ കാലാവധി പൂർത്തീകരിച്ച സ്ഥാപനങ്ങൾ ഉണ്ടായിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) കാലാവധി പൂർത്തീകരിക്കാത്ത സ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിടപ്പെട്ടത് എന്ത് മാനദണ്ഡങ്ങൾക്ക് വിധേയമായാണ്; ഭരണസമിതിയില്ലാതായ സംഘങ്ങളിൽ പകരം സംവിധാനം എന്നാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**അഡ്മിനിസ്ട്രേറ്റർ ഭരണം**

**3703 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം, ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ടതിനുശേഷം അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയ സഹകരണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്</u>

3704 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററിൽ നിന്നും എപ്പോൾ ഒഴിവാക്കാൻ കഴിയുമെന്നും, ഇവിടെ പുതിയ ഭരണസമിതിയെ എപ്പോൾ ചുമതല ഏൽപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്</u>**

**3705 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണ്;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ**

3706 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ശുപാർശകളെ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായമെന്താണ്;

(ബി) ഇത് സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>'ആശ്വാസ് പദ്ധതി'</u>

3707 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'ആശ്വാസ് പദ്ധതി' അനുസരിച്ച് എത്ര കോടി രൂപയുടെ ആനുകൂല്യം വായ്പക്കാർക്ക് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 3 സെന്റും അതിന് മുകളിലും കൈവശവസ്തു ഉള്ള അംഗങ്ങൾക്ക് സഹകരണ സംഘങ്ങൾ വസ്തു ജാമ്യത്തിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്നു മുതൽ നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**റിസ്ക്ക് ഫണ്ട് പദ്ധതി**

3708 ശ്രീ. സണ്ണി ജോസഫ്
,, സി.പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റിസ്ക്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ട്;

(ഡി) തിരിച്ചടക്കൽ കാലാവധി കഴിഞ്ഞവർക്ക് കൂടി ഇത് ബാധകമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**'കർഷക സേവന കേന്ദ്രങ്ങൾ'**

**3709**

**ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ പ്രഖ്യാപിച്ച 'കർഷക സേവന കേന്ദ്രങ്ങൾ' എന്ന പുതിയ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഓരോ ബ്ലോക്കുകളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു സഹകരണ സംഘത്തിന്റെ കീഴിൽ ആരംഭിയ്ക്കുന്ന ഈ കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ശ്രീകൃഷ്ണപുരം, പാലക്കാട്, മണ്ണാർക്കാട് ബ്ലോക്കുകളിലെ ഏതെല്ലാം സഹകരണ സംഘങ്ങളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന വിവരം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>ചടയമംഗലത്ത് ന്യായവില പച്ചക്കറി സ്റ്റാളുകൾ</u>**

**3710 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിൽ ചടയമംഗലം, കടയ്ക്കൽ എന്നിവിടങ്ങളിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിലുള്ള ന്യായവില പച്ചക്കറി സ്റ്റാളുകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വിലക്കയറ്റ വിരുദ്ധ ചന്തകൾ</u>

3711 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിലക്കയറ്റം ഉണ്ടായപ്പോൾ സഹകരണ വകുപ്പിന്റെ കീഴിൽ 2008 മുതൽ 2012 മെയ് മാസം വരെ എത്ര വിലക്കയറ്റ വിരുദ്ധ ചന്തകൾ ആരംഭിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ

3712 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ കുട്ടനാട് താലൂക്കിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ എവിടെയൊക്കയാണ് സ്ഥാപിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കൺസ്യൂമർഫെഡിന് കീഴിൽ കർഷകരിൽ നിന്നും നെല്ല് സംഭരണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചടയമംഗലം നിയോജകമണ്ഡലത്തിൽ നൻമ സ്റ്റോറുകൾ**

3713 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള 'നന്മ'വ്യവസായവും വിവരസാങ്കേതികവും സ്റ്റോറുകൾ എത്രയെണ്ണമാണ് ചടയമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ എത്ര 'നന്മ' സ്റ്റോറുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**കണ്‍സ്യൂമര്‍ഫെഡിന്റെ ടേണ്‍ ഓവര്‍**

**3714 ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 2005-06-ല്‍ കണ്‍സ്യൂമര്‍ഫെഡിന്റെ ടേണ്‍ ഓവര്‍ എത്രയായിരുന്നു;

(ബി) 2010-2011-ല്‍ കണ്‍സ്യൂമര്‍ഫെഡിന്റെ ടേണ്‍ ഓവര്‍ എത്രയായിരുന്നു;

(സി) 2011-2012-ല്‍ കണ്‍സ്യൂമര്‍ഫെഡിന്റെ ടേണ്‍ ഓവര്‍ എത്രയായിരുന്നു;

(ഡി) വിലനിലവാരം പിടിച്ചു നിര്‍ത്തുന്നതിന് അവശ്യസാധനങ്ങള്‍ക്ക് സബ്സിഡി നല്‍കാന്‍ കണ്‍സ്യൂമര്‍ഫെഡിന് 2005-2006-ല്‍ എന്തു തുക നല്‍കി; 2010-2011-ല്‍ സബ്സിഡി നല്‍കാന്‍ കണ്‍സ്യൂമര്‍ഫെഡിന് എന്തു തുക നല്‍കിയെന്നും വ്യക്തമാക്കുമോ;

(ഇ) കണ്‍സ്യൂമര്‍ഫെഡില്‍ സാധനങ്ങള്‍ പര്‍ച്ചേസ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; അതിനായി ഇ-ടെണ്ടര്‍ സംവിധാനം ഏര്‍പ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ കൺസ്യൂമർ ഫെഡ്</u>**

**3715** **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോന്നിലും എത്ര വീതം ജീവനക്കാരുണ്ടെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>മൊബൈൽ ത്രിവേണി സ്റ്റോർ പദ്ധതി</u>

**3716**

ശ്രീ. ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ത്രിവേണി സ്റ്റോർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മൈലച്ചൽ സഹകരണസംഘം**

3717 ശ്രീ. എ.റ്റി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൈലച്ചൽ സഹകരണസംഘത്തിൽ രാസവളം കരിച്ചന്തയിൽ വിൽക്കുന്നതു സംബന്ധിച്ച് കേസ്സുകൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) എങ്കിൽ സംഘം ഭരണസമിതിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു. വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കൈത്തറി മേഖലയുടെ പുനരുദ്ധാരണം</u>

3718 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്ര സര്‍ക്കാര്‍ പ്രഖ്യാപിച്ച റിവൈവല്‍, റിഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കുമ്പോള്‍ കേരളത്തിലെ കൈത്തറി വ്യവസായ സഹകരണ സംഘങ്ങള്‍ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധി സര്‍ക്കാര്‍ പരിശോധിച്ചിട്ടുണ്ടോ;

(ബി) പരിശോധനയുടെ അടിസ്ഥാനത്തില്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ പാക്കേജ് പ്രകാരം 31.03.2012 ലെ ഓഡിറ്റ് റിപ്പോര്‍ട്ട് പ്രകാരം നെറ്റ്‌വര്‍ത്ത് പോസിറ്റീവ് ആയിരിക്കണമെന്നും, അഞ്ച് വര്‍ഷത്തില്‍ ഒരു വര്‍ഷമെങ്കിലും പ്രവര്‍ത്തനലാഭം ഉള്ളവയായിരിക്കണമെന്നുമുള്ള നിബന്ധനകള്‍ എടുത്തുകളയാന്‍ സര്‍ക്കാര്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സഹകരണ സംഘങ്ങളിലൂടെ കൈവശ വസ്തു ഉള്ള അംഗങ്ങൾക്ക് വായ്പ**

3719 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ സംഘങ്ങളിലൂടെ കൈവശ വസ്തു ഉള്ള അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരമാവധി വായ്പ തുക എത്രയായിരുന്നു;

(ഡി) വായ്പാ തിരിച്ചടവിന്റെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സ്വാശ്രയ സംഘങ്ങൾക്ക് പലിശ രഹിത വായ്പ**

3720

**ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്ര
ണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാരുടെ സ്വാശ്രയ സംഘങ്ങൾക്ക് പലിശ രഹിത വായ്പ നൽകുന്നതിനുളള എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ഏത് ബാങ്കുകളിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കാർഷിക വായ്പകൾ**

**3721 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ കാർഷിക ആവശ്യത്തിലേക്കായി പലിശരഹിത വായ്പയോ നാമമാത്ര പലിശാ വായ്പയോ നൽകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത വായ്പകൾ ഭൂരിഭാഗം ബാങ്കുകളും നൽകുവാൻ വിമുഖത കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ വിലയിരുത്തുന്നതിലേക്ക് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) മേൽപ്പറഞ്ഞ തരം വായ്പകൾ അനുവദിക്കുന്നതിന് സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിവാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വായ്പ എടുക്കുന്ന വ്യക്തിയുടെ മരണവും തിരിച്ചടവും</u>

3722 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പ എടുത്ത വ്യക്തി വായ്പ തിരിച്ചടയ്ക്കുന്നതിന് മുൻപ് മരണപ്പെട്ടാൽ വായ്പ തിരിച്ചടവിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭ്യമാകും;

(സി) വിദ്യാഭ്യാസ വായ്പ എടുത്ത ഗൃഹനാഥനോ വിദ്യാർത്ഥിയോ മരണപ്പെട്ടാൽ സഹകരണ ബാങ്കുകൾ വായ്പ എഴുതിത്തള്ളുന്ന ഉത്തരവുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് താലൂക്ക് സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ**

**3723 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ കാലതാമസത്തിന് കാരണമെന്താണ്;

(സി) ഇതിന് ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാഞ്ഞങ്ങാട് താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കുന്നതിന് എന്താണ് താമസമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം**

**3724** **ശ്രീ. എ.റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിലെ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി;**

(ബി) **അതിന്റെ പകർപ്പ് ഹാജരാക്കുമോ;**

(സി) **പ്രസ്തുത സംഘത്തിനെതിരെ എന്ത് നടപടി സ്വീകരിച്ചു?**

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>പ്രാഥമിക സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം</u>**

**3725 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെടുത്തി കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യവികസനത്തിനുള്ള നടപടി നിലവിൽ സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വാർഷിക പദ്ധതി നടത്തിപ്പിലെ പുരോഗതി**

3726 ശ്രീ. കെ. മുരളീധരൻ
'' വി. ഡി. സതീശൻ
'' പാലോട് രവി
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതി നടത്തിപ്പിൽ എന്തെല്ലാം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായി ;

(സി) എൻ.സി.ഡി.സി. പദ്ധതിയിൽ ചെലവഴിച്ചത് എത്ര ശതമാനം തുകയാണെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>സഹകരണ സ്ഥാപനങ്ങൾക്ക് ഏകീകരിച്ച നെയിം ബോർഡുകൾ</u>**

**3727**

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിലെ എല്ലാ പ്രാഥമിക സഹകരണ സ്ഥാപനങ്ങളുടേയും നെയിം ബോർഡുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാകുന്നതിനായി, ഒരു നിശ്ചിത കളറിലുള്ള പ്രതലത്തിൽ, നിശ്ചിത നിറത്തിൽ സ്ഥാപനത്തിന്റെ നെയിം ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;**

(ബി) **ജില്ലാതല സഹകരണ സ്ഥാപനങ്ങൾക്കും, സംസ്ഥാന തല സ്ഥാപനങ്ങൾക്കും ഇതുപോലെയുള്ള നിർദ്ദേശം നൽകുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് വിഭാഗം</u>

3728 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ അഴിമതിക്കേസ്സുകൾ അന്വേഷിക്കാനായി രൂപീകരിച്ച സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ;

(ബി) ഇതിൽ എത്ര വിഭാഗങ്ങൾ ഉണ്ടെന്നും അതിൽ എല്ലാം കൂടി എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്തെ അന്വേഷണത്തിന് ശുപാർശ ചെയ്ത കേസ്സുകൾ വിജിലൻസ് വിഭാഗം ഇപ്പോൾ അന്വേഷിക്കുന്നുണ്ടോ;

(ഡി) വിജിലൻസ് അന്വേഷിച്ച് റിപ്പോർട്ട് നൽകിയ എത്ര കേസ്സുകളിൽ ഇനിയും തുടർ നടപടി സ്വീകരിക്കാൻ ബാക്കി നില്പുണ്ട്?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>പുന്നപ്ര സഹകരണ ആശുപത്രി പ്രവര്‍ത്തനം</u>**
**<u>മെച്ചപ്പെടുത്താന്‍ നടപടി</u>**

**3729** **ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുന്നപ്ര സഹകരണ ആശുപത്രിയില്‍ 2010 ഏപ്രില്‍ വരെ ഏതെല്ലാം വിഭാഗങ്ങള്‍ പ്രവര്‍ത്തിച്ചിരുന്നു; വിശദമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഏതെങ്കിലും വിഭാഗങ്ങളുടെ പ്രവര്‍ത്തനം നിര്‍ത്തിവച്ചുവോ; എങ്കില്‍ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയില്‍ എന്തെല്ലാം വികസന പ്രവര്‍ത്തനങ്ങള്‍ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**'നമുക്ക് ഗ്രാമങ്ങളിൽ പോകാം' എന്ന പദ്ധതി**

3730

ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'നമുക്ക് ഗ്രാമങ്ങളിൽ പോകാം' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സഹകരണമേഖലയിൽ ടൂറിസ്റ്റ്ഹോമുകൾ**

**3731 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ടൂറിസ്റ്റ്ഹോമുകൾ ജില്ലാ ആസ്ഥാനങ്ങളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് സമീപമായി ഇത്തരം സഹകരണ ടൂറിസ്റ്റ്ഹോമുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമവ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ</u>

3732 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നവയ്ക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രവർത്തന മൂലധനം കണ്ടെത്തുവാനും വായ്പയെടുക്കുവാനും എന്റർപ്രണേഴ്സിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ഭാഗത്തുനിന്നും ലഭ്യമാക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രവർത്തന മൂലധനത്തിന് മാർജിൻ മണി സഹായം നൽകുന്ന എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്നും മുൻകാലങ്ങളിൽ നടപ്പിലാക്കിയ മാർജിൻ മണി പദ്ധതികളുടെ ഗുണഭോക്താക്കൾക്കെല്ലാംതന്നെ കൃത്യമായി ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>സഹകരണ ബാങ്ക് ജീവനക്കാരുടെ</u>**
**<u>പെൻഷൻ പ്രായം</u>**

**3733**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ പെൻഷൻ പ്രായം എത്രയായി നിജപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സഹകരണ ജീവനക്കാരുടെ പെൻഷൻ**

3734 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചതുപോലെ സഹകരണ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നകാര്യം പരിഗണനയിലുണ്ടോ;**

(ബി) **ദേശസാൽകൃത ബാങ്ക് ജീവനക്കാരുടെ പെൻഷൻ പ്രായത്തിന് സമാനമായി സംസ്ഥാന സഹകരണ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സഹകരണ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി**

**3735 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക എത്രയാണ്;

(ബി) പെൻഷൻ തുക കാലോചിതമായി പരിഷ്ക്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്നതുപോലെ പെൻഷനും ഡി.എയും സഹകരണ ജീവനക്കാർക്ക് അവരുടെ തസ്തികയ്ക്കും ശമ്പളത്തിനും അനുസൃതമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സഹകരണ മേഖലയിലെ പെൻഷൻ പ്രായം**

**3736**

**ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;**

(ബി) **പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എന്തെങ്കിലും പ്രത്യേക പാക്കേജ് ഇതിലേയ്ക്കായി നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ഖാദിമേഖലയ്ക്ക് ഇൻകം സപ്പോർട്ട് സ്കീം</u>

3737

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിയ ഇൻകംസപ്പോർട്ട് സ്കീം പ്രകാരം 2010-11, 2011-12 വർഷങ്ങളിൽ ഖാദി മേഖലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഓരോ വർഷത്തിലും ഏതെല്ലാം ഖാദി സ്ഥാപനങ്ങൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ട്;

(സി) ഈ കാലയളവിൽ ഓരോന്നിലും ഖാദി തൊഴിലാളികൾക്ക് എത്ര വീതം ആനുകൂല്യം ലഭിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം**

**3738 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഉൽപാദന കേന്ദ്രങ്ങൾ ശോചന്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഖാദി ഉൽപാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ പ്ലാനിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; പ്രസ്തുത തുക അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുമോ;

(സി) ഖാദി ഉൽപന്നങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>ഖാദി ഗ്രാമവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കൽ</u>**

**3739**

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഖാദി ഗ്രാമവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;**

(ബി) **ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശം സർക്കാർ ജീവനക്കാർ മറന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ വീണ്ടും നിർദ്ദേശം നൽകുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ഖാദി ഉല്പാദനം</u>

3740

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനി
യന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2009-10, 2010-11, 2011-12 വർഷങ്ങളിലെ ഖാദി ഉല്പാദനത്തിലെ വർദ്ധനവ് വിശദമാക്കാമോ?

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

<u>ഖാദി വ്യവസായ നവീകരണം</u>

3741

**ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്തെ ഖാദി വ്യവസായം നവീകരിച്ച് സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം</u>

**3742** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന മുൻ സർക്കാർ ഉത്തരവ് ഇപ്പോൾ നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോ, എന്ന് പരിശോധിക്കുമോ;

(സി) ഈ ഉത്തരവ് പാലിക്കുവാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് വകുപ്പ് മേലധികാരികൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

മാലിന്യനീക്കം

3743 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, ടൗൺഷിപ്പുകൾ എന്നിവിടങ്ങളിലെ മാലിന്യനീക്കം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണവകുപ്പ് നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ചുമതലകളുടെ/പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഹൗസ് ബോട്ടുകളുടേയും മോട്ടോർ ബോട്ടുകളുടെടേയും മാലിന്യങ്ങൾ**

3744 **ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടുകളുടേയും മോട്ടോർ ബോട്ടുകളുടേയും മാലിന്യങ്ങളിൽ നിന്നും വേമ്പനാട് കായലിനേയും കുട്ടനാട്ടിലൂടെ ഒഴുകുന്ന ആറുകളേയും തോടുകളേയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ മലിനീകരണ നിയന്ത്രണ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തു പ്രദേശങ്ങളെ മലിനീകരണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

<u>**ചന്തിരൂര്‍ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ്**</u>

**3745**

**ശ്രീ. എ. എം. ആരീഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചന്തിരൂരില്‍ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റിന് കിന്‍ഫ്ര വഴി കേന്ദ്ര സര്‍ക്കാരില്‍ നിന്ന് എത്ര തുകയാണ് അനുവദിച്ചത്;

(ബി) അവിടെ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം എത്ര രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്;

(സി) പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കണ്‍സള്‍ട്ടന്‍സിയായി സംസ്ഥാന സര്‍ക്കാര്‍ ഏജന്‍സിയായ സിഡ്കോയെ തീരുമാനിച്ചിട്ടുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2011-12 വര്‍ഷത്തെ ബഡ്ജറ്റില്‍ 5 കോടി രൂപ പ്രഖ്യാപിച്ച വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സര്‍ക്കാരിന്റെ ആദ്യ ബഡ്ജറ്റില്‍ പ്രസ്തുത നിര്‍ദ്ദേശം ഒഴിവാക്കിയതിനെ തുടര്‍ന്ന് അരൂര്‍ എം. എല്‍.എ. ഈ പ്ലാന്റ് നിര്‍മ്മാണത്തിനായി ആറ് കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് സബ്മിഷന്‍ ഉന്നയിക്കുകയും തുക അനുവദിക്കാമെന്ന് ഉറപ്പ് നല്‍കിയതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച് എന്‍വയോണ്‍മെന്റ് ഡിപ്പാര്‍ട്ട്മെന്റിന്റെ 3531/B2/11/Envt. എന്ന ഫയലിന്മേല്‍ പ്ലാനിംഗ് ആന്റ് എക്കണോമിക്സ് അഫയേഴ്സ് ഡിപ്പാര്‍ട്ട്മെന്റ് അടുത്ത സാമ്പത്തിക വര്‍ഷം തുക അനുവദിച്ചാല്‍ മതിയെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ; ഇതിന്മേല്‍ ഫിനാന്‍സ് ഡിപ്പാര്‍ട്ട്മെന്റിന്റെ 47123/$PUC_4$/2012/Fin. എന്ന ഫയല്‍ എന്തു നിര്‍ദ്ദേശത്തോടു കൂടിയാണ് തിരി

ച്ചയച്ചത് എന്ന് അറിയാമോ;

(ജി) കിൻഫ്രാ മുഖേന കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച ആറ് കോടി രൂപയ്ക്ക് അടിയന്തിരമായി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എച്ച്) സംസ്ഥാന സർക്കാർ വിഹിതമായി ആറ് കോടി രൂപ ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?